Uncorrected/Not for publication
17-09-2025

## ശ്രദ്ധ ക്ഷണിക്കൽ

### (1) മാലിന്യ സംസ്കരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ

മി. സ്പീക്കർ: ശ്രീ. വി. കെ. പ്രശാന്ത്, സമയകൃത്യത പാലിക്കണം. രണ്ട് മണിക്കൂർ അടിയന്തര പ്രമേയ ചർച്ചയുള്ളതാണ്. ചെയറുമായി സഹകരിക്കണം.

ശ്രീ. വി. കെ. പ്രശാന്ത്: സർ, സംസ്ഥാനത്തെ മാലിന്യ സംസ്കരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ ഊർജിതപ്പെടുത്തുന്നതിനാണ് ഈ ശ്രദ്ധക്ഷണിക്കൽ നടത്തുന്നത്. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം മാലിന്യ പ്രശ്നം ഉൾപ്പെടെയുള്ള ഒരു പ്രശ്നവും സഭയ്ക്കകത്ത് ചർച്ച ചെയ്യുന്നതിന് വൈമുഖ്യമില്ല. ഗവൺമെന്റിന്റെ ആത്മവിശ്വാസത്തെയാണ് ഇത് കാണിക്കുന്നത്. 'നവകേരളം' എന്ന കാഴ്ചപ്പാട് യാഥാർഥ്യമാക്കാൻ വൃത്തിയുള്ള കേരളം എന്ന ലക്ഷ്യത്തോടുകൂടി ജനങ്ങളെ അണിനിരത്തേണ്ടതായിട്ടുണ്ട്. 'ഉറവിട മാലിന്യ സംസ്കരണം', 'ഗ്രീൻ പ്രോട്ടോക്കോൾ ഇനീഷ്യേറ്റീവ്', 'സീറോ വേസ്റ്റ്' ഉൾപ്പെടെയുള്ളവ മുഖ്യ

നയമായി സ്വീകരിച്ച് മുന്നോട്ടുപോകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്. ഇതിനോടകം 'മാലിന്യ മുക്ത നവകേരളം' എന്ന പദ്ധതി പ്രഖ്യാപിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് വളരെ കാര്യക്ഷമമായി മുന്നോട്ടുപോകുകയാണ്. 2025 മാർച്ച് 30-ന് കേരളത്തിലെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1027 സ്ഥാപനങ്ങളും മാലിന്യമുക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം ഇത്തരമൊരു നേട്ടം കൈവരിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിയ ജനകീയ ക്യാമ്പയിനിന്റെ  ഫലമായിട്ടാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്. 2023 മാർച്ചിൽ ബ്രഹ്മപുരം തീപിടുത്തം ഉണ്ടായതിന്റെ ഭാഗമായി 815000 മെട്രിക് ടൺ  മാലിന്യം നീക്കം ചെയ്തിട്ടുണ്ട്.

<u>മി. സ്പീക്കർ</u>:  സഭ ഇപ്പോൾ ഡിസ്ഓർഡറിൽ ആണ്.  ബഹുമാനപ്പെട്ട മിനിസ്റ്റേഴ്സ് ക്രോസ് ചെയ്ത് നിൽക്കരുത്.  ബഹുമാനപ്പെട്ട അംഗം സംസാരിക്കുകയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, അങ്ങ് പറഞ്ഞ കാര്യം ശരിയാണ്.  ഇത്രയും പ്രധാനപ്പെട്ടൊരു വിഷയത്തിലേക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുമ്പോൾ

സഭയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള മനോഭാവം പൊതുവെ നിരാശാജനകമാണ്.

മി. സ്പീക്കർ: വളരെ റെലവന്റായ/ഹീറ്റഡായൊരു വിഷയമാണ് സഭ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. അംഗങ്ങൾ സഭയുമായി സഹകരിക്കണം. പ്ലീസ്...

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഇപ്പോൾ അത്യാവശ്യം വൃത്തിയായി കാര്യങ്ങൾ പോകുന്നതുകൊണ്ടാണ് പലർക്കും അസ്വസ്ഥതയുണ്ടാകുന്നതെന്നാണ് മനസ്സിലാക്കേണ്ടത്. തദ്ദേശസ്വയംഭരണ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. അവ കൂടുതൽ ഊർജസ്വലതയോടെ മുന്നോട്ടുകൊണ്ടുപോകേണ്ടത് ആവശ്യമാണ്. കേരളത്തിൽ ഇതിനോടകം അമ്പത്താറിലധികം വരുന്ന മാലിന്യക്കുനകളിൽ 24 എണ്ണവും സമ്പൂർണ്ണമായി നീക്കം ചെയ്തു. ഏതാണ്ട് 59.95 ഏക്കർ ഭൂമി ഗവൺമെന്റ് വീണ്ടെടുത്തിട്ടുണ്ട്. ബ്രഹ്മപുരത്ത് 24 ഏക്കറിൽ അധികം വരുന്ന ഭൂമി ക്ലീൻ ചെയ്ത് വീണ്ടെടുത്തിട്ടുണ്ടെന്നത് അഭിമാനകരമായൊരു കാര്യമാണ്. നിരവധി മിനി എം.സി.എഫ്., എം.സി.എഫ്., എം.ആർ.എഫ്. എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. അവ കൂടുതൽ

സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്.

ബ്രഹ്മപുരത്ത് 180 ton/day സി.എൻ.ജി. പ്ലാന്റും ക്ലസ്റ്റർ അടിസ്ഥാനത്തിൽ സാനിട്ടറി മാലിന്യം സംസ്കരിക്കാനുള്ള പ്ലാന്റുകളും ഇതിനോടകം യാഥാർഥ്യമാക്കിയിട്ടുണ്ട്. ഹരിത കർമ്മസേനയുടെ വാതിൽപടി അജൈവ മാലിന്യ ശേഖരണം 99 ശതമാനമായി ഇതിനോടകം ഉയർന്നിട്ടുണ്ട്. ഏതാണ്ട് 661000-ൽപ്പരം ടൺ മാലിന്യം ശേഖരിക്കുകയും 348 കോടി രൂപ ഹരിതകർമ്മ സേനാംഗങ്ങൾക്ക് പ്രതിഫലമായി ഇതിനോടകം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 37176 അംഗങ്ങൾ ഈ ഹരിതകർമ്മ സേനയിൽ ഉൾപ്പെട്ടിട്ടുണ്ട്. അവർക്കാണ് ഈ പ്രതിഫലം ലഭിച്ചിട്ടുള്ളതെന്നത് വളരെ അഭിമാനപുരസ്സരം സൂചിപ്പിക്കേണ്ടൊരു കാര്യമാണ്. നടപടികളുടെ കാര്യത്തിലും എൻഫോഴ്സ്മെന്റിന്റെ കാര്യത്തിലുമെല്ലാം ഇക്കാലയളവിൽ നല്ല പുരോഗതി ഉണ്ടായിട്ടുണ്ട്. അത് കൂടുതൽ ഊർജിതപ്പെടുത്തേണ്ടതായിട്ടുണ്ട്. 52202 പരിശോധനകൾ നടത്തി ഏതാണ്ട് 5,70,000 രൂപ പിഴ ഇനത്തിൽ ഈടാക്കുകയുമുണ്ടായി. മാലിന്യം വലിച്ചെറിയുന്നത് എത്ര ഉന്നതരായാലും നടപടിയെടുക്കുന്നുവെന്നത് ഇക്കാലത്തെ ഒരു പ്രത്യേകതയാണ്. ഈ അടുത്ത സമയത്താണ് തിരുവനന്തപുരത്തുള്ള പ്രമുഖ ഗായകനായ ശ്രീ. എം. ജി.

ശ്രീകുമാർ വീട്ടിൽ ഇല്ലാതിരുന്ന സമയത്ത് അവിടത്തെ ജോലിക്കാരൻ മാലിന്യം നദിയിലേക്ക് വലിച്ചെറിയുകയും അത് ഒരാൾ ക്യാമറയിൽ ചിത്രീകരിച്ച് അയച്ചുകൊടുക്കുകയുമുണ്ടായി. അദ്ദേഹത്തിന്റെ കൈയിൽനിന്നുപോലും ഫൈൻ ഈടാക്കിയ നടപടിയെ അഭിനന്ദിക്കുകയാണ്. അദ്ദേഹം പിന്നീട്, മാലിന്യ സംസ്കരണ രംഗത്ത് ഗവൺമെന്റിനോടൊപ്പം ചേർന്നുകൊണ്ട് ഒരു ഗാനം തയ്യാറാക്കിയിരുന്നു. ഗവൺമെന്റ് സ്വീകരിച്ച നടപടികൾ ജനങ്ങളും സ്വീകരിക്കുന്നുവെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

കേരള മാതൃകയിൽ തമിഴ്നാടിൽ "ക്ലീൻ തമിഴ്നാട്" രൂപീകരിക്കുകയും മലയാളിയായ ശ്രീ. ഗംഗാ ദിലീപ് അതിന്റെ ചുമതല വഹിക്കുകയും ചെയ്യുന്ന സന്ദർഭത്തിലേക്കാണ് കാര്യങ്ങൾ എത്തിയിരിക്കുന്നത്. ഇത്തരത്തിലുള്ള നടപടികൾ കൂടുതൽ വ്യാപകമാക്കി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ജനങ്ങളെയും അണിനിരത്തി 'മാലിന്യമുക്ത നവകേരളം' എന്ന കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കാൻ കൂടുതൽ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഈ വിഷയത്തിന്റെ പ്രാധാന്യം അങ്ങ്

ഇവിടെ ചൂണ്ടിക്കാണിച്ചതിന് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ ഇതൊന്ന് ശ്രദ്ധിക്കണമെന്ന് അങ്ങേക്ക് ഓർമ്മിപ്പിക്കേണ്ടിവന്നു. ബ്രഹ്മപുരം തീപിടുത്തത്തിനുശേഷം വലിയ കോലാഹലത്തിനും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുമൊക്കെ സാക്ഷ്യം വഹിച്ചത് ഈ സഭയാണ്. നമ്മളെ സംബന്ധിച്ച് ഒരു ദിവസത്തെയോ അല്ലെങ്കിൽ ഒരാഴ്ചത്തെയോ വിവാദം മാത്രമായി അത് അവസാനിച്ചു. എന്നാൽ സർക്കാർ അവിടെ നിർത്തിയില്ല. അതിനുശേഷം കേരളത്തെ മാലിന്യമുക്തമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ/പദ്ധതികൾ തീവ്രമായിത്തന്നെ ആവിഷ്കരിക്കുകയുണ്ടായി. സമയത്തിന്റെ പരിമിതിയെക്കുറിച്ച് അറിയാമെങ്കിലും പ്രാധാന്യമുള്ള വിഷയമായതിനാൽ ഇതിനെക്കുറിച്ച് വിശദീകരിക്കാനുള്ള ഒരവസരം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

2025 മാർച്ച് 30-ന് സമ്പൂർണ്ണ ഖരമാലിന്യമുക്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചു. നിശ്ചയിച്ച മാനദണ്ഡങ്ങളിൽ 80 ശതമാനമെങ്കിലും കൈവരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് മാലിന്യമുക്തമായി പ്രഖ്യാപിച്ചത്. നൂറുശതമാനമല്ല പ്രഖ്യാപിച്ചത്; അപ്രകാരം പറയാൻ കാരണം, കുറച്ച് ഗ്യാപ് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. 2023 മാർച്ച് മുതൽ നടത്തിയ

തുടർച്ചയായ പ്രവർത്തനങ്ങളുടെ ഫലമായാണ് ഈ നേട്ടം ലഭിച്ചത്. 'മാലിന്യ മുക്ത നവകേരളം പദ്ധതി' മുഖേന സംസ്ഥാനത്ത് ശാസ്ത്രീയ മാലിന്യ പരിപാലനം സുസ്ഥിരമായും കൂടുതൽ മെച്ചപ്പെട്ട നിലയിലും കൊണ്ടുപോകാൻ സാധിക്കുന്നുണ്ട്. കേരളത്തിൽ പ്രതിദിനം 7398.64 ടൺ ജൈവ മാലിന്യവും 2174 ടൺ അജൈവ മാലിന്യവും 3099 ദശലക്ഷം ലിറ്റർ ദ്രവമാലിന്യവും ഉണ്ടാകുന്നതായി കണക്കാക്കപ്പെടുന്നു. ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള വികേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ രീതിയാണ് സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുന്നതെന്ന കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിക്കുകയുണ്ടായി. വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യ ഉപാധികൾ ഉറപ്പാക്കുന്നതിനോടൊപ്പം കമ്മ്യൂണിറ്റിതലത്തിലുള്ള സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനും ശ്രമിക്കുന്നു. 25.12 ലക്ഷം ഉറവിട ജൈവ മാലിന്യ സംസ്കരണ ഉപാധികളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. സർവെ നടത്തി കണ്ടെത്തിയ കണക്കാണിത്. ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കാൻ 5 ശതമാനം വസ്തു നികുതി ഇളവ് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഏതെല്ലാം വീടുകളിലാണോ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ

പ്രവർത്തിക്കുന്നത് അവർക്ക് 5 ശതമാനം വസ്തു നികുതിയിൽ ഇളവുണ്ടായിരിക്കും. 142 ടൺ പ്രതിദിന സംസ്കരണ ശേഷിയുള്ള 271 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളുണ്ട്. 1303 എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ പ്രതിദിന ശേഷി 149.36 ടൺ ആണ്. 306.66 ടൺ പ്രതിദിന ശേഷിയുള്ള 34 വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റുകളുണ്ട്. 100 ടൺ പ്രതിദിനശേഷിയുള്ള 2 ബ്ലാക്ക് സോൾജിയർ ഫ്ലൈ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

നമ്മളെല്ലാം ചർച്ച ചെയ്ത ബ്രഹ്മപുരം വിഷയത്തിൽ, ബ്രഹ്മപുരത്തെ ഒരു പൂങ്കാവനമാക്കിമാറ്റുമെന്ന് അന്ന് ഈ സഭയിൽ പ്രഖ്യാപിച്ചതാണ്. ഇന്ന് 90 ശതമാനവും ബയോമൈനിങ് പൂർത്തിയായി 110 ഏക്കറുള്ള കേരളത്തിലെ ഏറ്റവും വലിയ ഡംപ് സൈറ്റ്, 9 ലക്ഷം മെട്രിക് ടണ്ണിലധികം മാലിന്യമുണ്ടായിരുന്ന സ്ഥലത്തുനിന്നും 90 ശതമാനവും നീക്കം ചെയ്തുകഴിഞ്ഞു. അവശേഷിക്കുന്ന 10 ശതമാനവും ഒരു മാസത്തിനകം നീക്കം ചെയ്യാൻ കഴിയും. ഏതാണ്ട് 93 കോടി രൂപ ചെലവിൽ പ്രതിദിനം 150 ടൺ ജൈവ മാലിന്യം സംസ്കരിക്കാൻ കഴിയുന്ന കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റിന്റെ പ്രവൃത്തിയും അതിന്റെ ട്രയൽ റണ്ണും വിജയകരമായിത്തന്നെ

പൂർത്തിയായിക്കഴിഞ്ഞുവെന്ന കാര്യം അഭിമാനത്തോടെയും സന്തോഷത്തോടെയും ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ബ്രഹ്മപുരത്തിന്റെ അതേ മാതൃകയിൽ പാലക്കാട് സി.ബി.ജി. പ്ലാന്റിന്റെ പ്രവൃത്തി രണ്ടുമാസത്തിനകം പൂർത്തിയാകും. തൃശ്ശൂരിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. കോഴിക്കോട് പ്ലാന്റ് നിർമ്മിക്കുന്നതിനുവേണ്ടി ബി.പി.സി.എൽ.-മായി ചേർന്ന് കഴിഞ്ഞ മാസം MoU ഒപ്പുവച്ചു. തിരുവനന്തപുരം, കൊല്ലം, ചങ്ങനാശ്ശേരി എന്നിവിടങ്ങളിലും സമാനമായ സി.ബി.ജി. പ്ലാന്റുകൾ ഉൾപ്പെടെ 7 വൻകിട സി.ബി.ജി. പ്ലാന്റുകൾ കേരളത്തിൽ ആരംഭിക്കാൻ പോകുകയാണ്.

സംസ്ഥാനത്ത് അജൈവ മാലിന്യ ശേഖരണം 2023 മാർച്ചിൽ 47 ശതമാനമായിരുന്നു. ഇന്നത് 98 ശതമാനമായി വർധിച്ചിരിക്കുന്നു. വീടുകളിൽനിന്നും കടകളിൽനിന്നും 98 ശതമാനം അജൈവ മാലിന്യം ഇന്ന് ശേഖരിക്കുന്നുണ്ട്. ഇതിന് വലിയ സംവിധാനം സർക്കാർ ഒരുക്കിയിട്ടുണ്ട്. 7446 മിനി എം.സി.എഫ്. മാത്രമുണ്ടായിരുന്നത് ഇപ്പോൾ 19982 ആയി വർധിച്ചു. പഞ്ചായത്ത്, മുൻസിപ്പൽ തലത്തിലുള്ള എം.സി.എഫ്.-കളുടെ എണ്ണം 1160-ൽനിന്നും 1342 ആയും ആർ.ആർ.എഫ്.-ന്റെ എണ്ണം 87-ൽനിന്നും 192 ആയും

വർധിച്ചു. കേരളത്തിന്റെ ശുചിത്വ പട്ടാളമെന്ന് വിശേഷിപ്പിക്കാവുന്ന ഹരിതകർമ്മ സേനയുടെ അംഗസംഖ്യ 37134 ആയി വർധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം പാർലമെന്റിൽ അവതരിപ്പിച്ച ഇക്കണോമിക് സർവെയിൽ ഹരിതകർമ്മ സേനയെക്കുറിച്ച് പ്രത്യേകമായ പരാമർശമുണ്ടായിരുന്ന വിഷയവും അഭിമാനത്തോടുകൂടി ഞാനിവിടെ രേഖപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. പൊതുസ്ഥലങ്ങളിൽ 50042 ബിന്നുകൾ ഇന്ന് സ്ഥാപിച്ചിട്ടുണ്ട്. 26967 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു. മാലിന്യശേഖരണം മുതൽ അതിന്റെ നീക്കംവരെ എല്ലാം ഡിജിറ്റലായി മോണിറ്റർ ചെയ്യാൻ സാധിക്കുന്ന "ഹരിതമിത്രം 2.0" എന്ന ആപ്ലിക്കേഷൻ ഇന്ന് നിലവിൽ വന്നുകഴിഞ്ഞു. ഏറ്റവും കാര്യക്ഷമമായി നിരീക്ഷിക്കാനും മോണിറ്റർ ചെയ്യാനും അതിലൂടെ സാധിക്കുന്നതാണ്. അത് ഉപയോഗിക്കുന്നവരുടെ എണ്ണം 2023-ൽ 11.24 ലക്ഷം ആയിരുന്നു. ഇപ്പോഴത് 90 ലക്ഷം വീടുകളിലാണ് ഉപയോഗിക്കുന്നത്. അതിനർഥം മാലിന്യശേഖരണം എന്ന പ്രക്രിയയെ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യാൻ നമുക്ക് കഴിഞ്ഞിരിക്കുന്നുവെന്നാണ്. തൃശ്ശൂർ കോർപ്പറേഷൻ, പാലക്കാട്, വർക്കല നഗരസഭകൾ, എളവള്ളി, കൊരട്ടി ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ സാനിട്ടറി മാലിന്യസംസ്കരണത്തിന് ഡബിൾ ചേമ്പർ ഇൻസിനറേറ്ററുകൾ

പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ ഈ സാനിറ്ററി മാലിന്യങ്ങൾ സംസ്കരിക്കാൻ ഇനി നാല് റീജിയണൽ പ്ലാന്റുകൾകൂടി വരുന്നുണ്ട്. 100 ടൺ സാനിട്ടറി മാലിന്യങ്ങൾ പുറന്തള്ളപ്പെടുന്നുവെന്നാണ് കണക്ക്. കേരളത്തിൽ പുറന്തള്ളപ്പെടുന്ന സാനിട്ടറി വേസ്റ്റ് ഡയപ്പറുകൾ, സാനിട്ടറി നാപ്കിനുകൾ എന്നിവയെല്ലാം പൂർണ്ണമായും സംസ്കരിക്കാൻ കഴിയുന്ന പ്ലാന്റുകൾ ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: യെസ്, മിനിസ്റ്റർ, പ്ലീസ്...

ശ്രീ. എം. ബി. രാജേഷ്: സർ, ചുരുക്കാം. ചുരുക്കിയാണ് പറയുന്നത്.

മി. സ്പീക്കർ: ആറ് മിനിട്ടായി.

ശ്രീ. എം. ബി. രാജേഷ്: സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണെന്ന് അങ്ങുതന്നെ പറഞ്ഞതുകൊണ്ടാണ് ഇത്രയും വിശദീകരിക്കുന്നത്. കോഴിമാലിന്യം സംസ്കരിക്കുന്നതിന് 48 റെൻഡറിങ് പ്ലാന്റുകളുണ്ട്. 27 എണ്ണം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ പ്രതിദിനം 784.5 ടൺ കോഴിമാലിന്യം സംസ്കരിക്കുന്നുവെന്ന് പറഞ്ഞാൽ പ്ലാന്റില്ലാതിരുന്നപ്പോൾ ഈ വേസ്റ്റെല്ലാം റോഡരികിൽ അല്ലെങ്കിൽ പാതയോരത്ത്

തള്ളുകയായിരുന്നുവെന്നാണ് അർഥമാക്കേണ്ടത്. മൂക്കുപൊത്തി യാത്ര ചെയ്യേണ്ട സ്ഥിതിയുണ്ടായിരുന്നു. അതിനാണ് മാറ്റം വന്നത്. പ്രതിദിനം 785 ടൺ ആണ് ഇപ്പോൾ സംസ്കരിക്കുന്നത്. ക്ലീൻ കേരള കമ്പനി 2023-24 സാമ്പത്തിക വർഷത്തിൽ അജൈവ പാഴ്വസ്തുക്കൾ കൈകാര്യം ചെയ്തത് 47534 ടൺ ആയിരുന്നു. 2024-25 ആയപ്പോൾ ക്ലീൻ കേരള കമ്പനിയും സ്വകാര്യ ഏജൻസികളുംകൂടി  കൈകാര്യം ചെയ്ത മാലിന്യത്തിന്റെ അളവ് 152603 ടൺ ആണ്. രണ്ടുവർഷത്തിനിടയിൽ രണ്ടിരട്ടിയായി വർധിച്ചുവെന്ന് മനസ്സിലാക്കണം. ഹരിതകർമ്മസേനയും ക്ലീൻ കേരള കമ്പനിയും ഉൾപ്പെടെയുള്ള ഈ സംവിധാനങ്ങൾ ഉണ്ടായിരുന്നില്ലെങ്കിൽ ഈ ഒന്നര ലക്ഷം ടൺ അജൈവ മാലിന്യം കേരളത്തിലെ പാടത്തും പറമ്പിലും തോട്ടിലും റോഡിലുമെല്ലാം വലിച്ചെറിഞ്ഞ് നമ്മുടെ ജീവിതംതന്നെ ദുസ്സഹമാകുമായിരുന്നു.

പത്തനംതിട്ട ജില്ലയിലെ കുന്നന്താനത്ത് പ്ലാസ്റ്റിക് സംസ്കരിക്കുന്നതിന് പ്രതിദിനം 2 ടൺ ശേഷിയുള്ള ഇന്റഗ്രേറ്റഡ് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ഫെസിലിറ്റി സ്ഥാപിച്ചു. ബഹുമാന്യനായ ശ്രീ. മാത്യു ടി. തോമസിന് അതിനെക്കുറിച്ച് അറിയാം. ഞങ്ങൾ ഒരുമിച്ചായിരുന്നു ആ പരിപാടിയിൽ പങ്കെടുത്തത്. 100 ടൺ പ്ലാസ്റ്റിക് സംസ്കരിക്കാൻ കഴിയുന്ന സംവിധാനം

അവിടെയുണ്ട്. മൂന്ന് കോടി രൂപയാണ് ഹരിതകർമ്മ സേനയ്ക്ക് ക്ലീൻ കേരള കമ്പനി അജൈവ പാഴ്‌വസ്തു സംസ്കരണത്തിലൂടെ നൽകുന്നത്. ബയോമൈനിങ് പ്രക്രിയയിലൂടെ മാലിന്യക്കൂനകൾ നീക്കം ചെയ്യുന്നത് ഒരു പ്രധാനപ്പെട്ട നേട്ടമാണ്. ബ്രഹ്മപുരത്ത് മാത്രമല്ല, ബയോമൈനിങ് പ്രക്രിയയിലൂടെ കേരളത്തിലെ 24 ഡംപ് സൈറ്റുകളിൽ 358278 ടൺ മാലിന്യം നീക്കം ചെയ്യുകയുണ്ടായി. 24 ഡംപ് സൈറ്റുകൾ ഇല്ലാതായി. അടുത്ത ഒന്നര വർഷത്തിനുള്ളിൽ ഇന്ത്യയിൽ ഡംപ് സൈറ്റുകൾ ഇല്ലാത്ത ആദ്യത്തെ സംസ്ഥാനമെന്ന നേട്ടം കേരളം കൈവരിക്കാൻ പോകുകയാണ്.

മി. സ്പീക്കർ: യെസ്...യെസ്... പ്ലീസ്.. പ്ലീസ്...

ശ്രീ. എം. ബി. രാജേഷ്: സർ, നിഷ്ക്രിയ മാലിന്യങ്ങൾ, മറ്റൊന്നും ചെയ്യാൻ കഴിയാത്ത മാലിന്യങ്ങൾ സംസ്കരിക്കാൻ 5 ആർ.ഡി.എഫ്. പ്ലാന്റുകൾ അടുത്ത മൂന്നുമാസത്തിനുള്ളിൽ കേരളത്തിൽ നിലവിൽ വരുമെന്നും അതോടുകൂടി നിഷ്ക്രിയ മാലിന്യം പൂർണ്ണമായും സംസ്കരിക്കാനുള്ള ശേഷി കേരളത്തിനുണ്ടാകുമെന്ന് അറിയിക്കാനും ഞാൻ ആഗ്രഹിക്കുന്നു. ഒരുകാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇത്രയും വലിയ പ്രവർത്തനങ്ങളുടെ നേട്ടമാണ് ശുചിത്വ റാങ്കിങ്ങിൽ നാം കൈവരിച്ചത്. കേന്ദ്ര ഗവൺമെന്റ് നഗരങ്ങൾക്കുള്ള 'Swachh

Survekshan' റാങ്കിങ് നടത്തിയപ്പോൾ നമ്മൾ ഇന്നേവരെ ചിത്രത്തിൽ ഉണ്ടായിട്ടില്ല. ഇത്തവണ ചരിത്രത്തിലാദ്യമായി 93 നഗരസഭകളിൽ 82 എണ്ണം 1000 റാങ്കിനുള്ളിൽ ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ തവണ ഏറ്റവും മികച്ച റാങ്ക് 1370 ആയിരുന്നു; വർക്കല മുനിസിപ്പാലിറ്റിക്ക്. ഇപ്പോൾ ആയിരത്തിനകത്ത് 82 നഗരസഭകൾ വന്നിട്ടുണ്ട്. ഇന്ത്യയിൽ ശുചിത്വത്തിൽ മുന്നിൽനിൽക്കുന്ന ഏറ്റവും മികച്ച 100 നഗരങ്ങളുടെ പട്ടികയിൽ 8 നഗരസഭകളാണ് വന്നത്. അതിൽ കൊച്ചിയും ഉൾപ്പെട്ടിട്ടുണ്ട്. കൊച്ചി നേരത്തെ ചിത്രത്തിൽ എവിടെയുമുണ്ടായിരുന്നില്ല. അങ്ങയുടെ ജില്ലയായ മട്ടന്നൂർ നഗരസഭയ്ക്ക് 'Promising Swachh Shehar' എന്ന ദേശീയ പുരസ്കാരവും തിരുവനന്തപുരത്തിന് 'വാട്ടർ പ്ലസ് പദവി'യും ലഭിക്കുകയുണ്ടായി. കേരളത്തിലെ നഗരസഭകളുടെ ആവറേജ് സ്കോർ കഴിഞ്ഞ വർഷം 26 ശതമാനമായിരുന്നു. ഇത്തവണ 56 ശതമാനമായി ഒറ്റയടിക്ക് കുതിച്ചുയർന്നു.

<u>മി. സ്പീക്കർ</u>: യെസ്...യെസ്... പ്ലീസ്.. പ്ലീസ്...

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അവസാനത്തെ കാര്യമാണ്.

<u>മി. സ്പീക്കർ</u>: ഓരോ തവണയും അവസാനത്തെ കാര്യമെന്നാണ് പറയുന്നത്. യെസ്...യെസ്... കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, കഴിഞ്ഞു. ഇവയെല്ലാം പറയാൻ ലഭിക്കുന്ന ഒരു അപൂർവ അവസരമാണിത്. സാധാരണ ആർക്കും വലിയ താല്പര്യമില്ലാത്ത വിഷയമാണ്. വിവാദമുണ്ടെങ്കിൽ മാത്രമേ താല്പര്യമുള്ളൂ. അവസാനത്തെ കാര്യം ഇതാണ്. ഇത്രയും സൗകര്യങ്ങളും സംവിധാനങ്ങളും സന്നാഹങ്ങളും നമ്മൾ ഒരുക്കിയിട്ടും പൊതുജന മനോഭാവത്തിൽ വലിയ മാറ്റം വന്നിട്ടില്ല. വലിച്ചെറിയൽ ഇപ്പോഴും നിർബാധം നടക്കുകയാണ്.

<u>മി. സ്പീക്കർ</u>: യെസ്...യെസ്... പ്ലീസ്.. പ്ലീസ്... അങ്ങ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, 8,55,00,000 ലക്ഷം രൂപയാണ് കഴിഞ്ഞ അഞ്ചുമാസത്തിനിടയിൽ, ജനവരി മുതൽ ജൂൺ വരെ ഫൈനായി ഈടാക്കിയത്. ഫൈൻ കൊണ്ടുമാത്രം മുന്നോട്ടുപോകേണ്ട ഒരു കാര്യമല്ല ഇത്. ജനങ്ങളുടെ മനോഭാവത്തിലാണ് മാറ്റം വരേണ്ടത്. സഭയിലെ എല്ലാ ഭാഗത്തുമുള്ള ജനപ്രതിനിധികളുടെ എല്ലാവരുടെയും സഹകരണമുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ചോദ്യം മാത്രം ചോദിച്ചാൽ മതിയാകും. അതിൽ പ്രസംഗം ഇല്ല.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, പ്രസംഗം നടത്തുന്നില്ല. അങ്ങ് അവസാനം

പറഞ്ഞൊരു പോയിന്റുണ്ട്. ഹരിതകർമ്മ സേന അജൈവ മാലിന്യം ശേഖരിക്കുന്നുവെന്നതുകൊണ്ട് ഇത് വാങ്ങിക്കൂട്ടി അവർക്ക് കൈമാറുന്ന രീതി വരികയാണ്. അത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; കൂട്ടിവച്ചിരിക്കുന്ന അജൈവ മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ അങ്ങയുടെ നേതൃത്വത്തിൽ നടത്തുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, തീർച്ചയായും ഉണ്ടാകും. ഇപ്പോൾത്തന്നെ ട്രാൻസ്പോർട്ടേഷൻ പ്ലാൻ നമ്മൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ ആർ.ഡി.എഫ്. പ്ലാന്റുകൾ വരുന്നതോടുകൂടി ഹരിതകർമ്മ സേന ശേഖരിച്ചിട്ടുള്ള മാലിന്യം റീസൈക്കിൾ ചെയ്യാൻ സാധിക്കാത്തത് സംസ്കരിക്കാനുള്ള സംവിധാനമുണ്ടാകും. റീസൈക്ലിങ് സംവിധാനം നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. അല്ലാത്ത നിഷ്ക്രിയ മാലിന്യം സംസ്കരിക്കാനുള്ള സംവിധാനവുമുണ്ട്.

## (2) ലൈഫ് ഭവന പദ്ധതി

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സംസ്ഥാനത്തെ വളരെയധികം പാവപ്പെട്ട ജനങ്ങളെ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ലൈഫ് ഭവന പദ്ധതി മുഖേനയുള്ള ഭവന നിർമ്മാണം. ഇന്ന് ഗ്രാമപഞ്ചായത്തുകളിൽ

ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം വലിയ പ്രതിസന്ധി നേരിടുകയാണ്. പത്രങ്ങളിൽ വന്ന ചില വാർത്തകൾ ചൂണ്ടിക്കാണിക്കാം. വാർത്തകൾ വന്നിട്ടുള്ളത് മലയാള മനോരമ ദിനപത്രത്തിൽ, 'ലൈഫ് 1.27 ലക്ഷം വീടുകളുടെ നിർമ്മാണത്തിന് തിരിച്ചടി, 1,100 കോടി അധിക വായ്പ ആവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ്; ദീപിക ദിനപത്രത്തിൽ, 'ലൈഫ് വീടുകൾക്കും രക്ഷയില്ല'; കേരള കൗമുദി ദിനപത്രത്തിൽ, 'ലൈഫ് അപേക്ഷകരോട് കരുണ കാണിക്കണം' എന്നിങ്ങനെയാണ്. രണ്ടും മൂന്നും വർഷം മുമ്പ് വീടിനായി എഗ്രിമെന്റ് വച്ചവർക്കുപോലും ആദ്യ ഗഡു ലഭിച്ചിട്ടില്ല. രണ്ടാം ഗഡുവിന് മാസങ്ങളായി കാത്തിരിക്കുന്ന ധാരാളം ആളുകളുണ്ട്. അവസാന ഗഡു ലഭിക്കാതെ ആകാശത്തേക്ക് നോക്കിയിരിക്കുന്നവരുമുണ്ട്. ആദ്യ ഗഡുവിന് എഗ്രിമെന്റ് വച്ചതിന്റെ അടിസ്ഥാനത്തിൽ തുക ലഭിക്കുമെന്ന വിശ്വാസത്തിൽ ഉണ്ടായിരുന്ന വീട് പൊളിച്ചുകളഞ്ഞ് ഷെഡ് കെട്ടിയാണ് താമസിക്കുന്നത്. രണ്ടാം ഗഡു ലഭിക്കാത്തവർക്ക് വീട് നിർമ്മാണം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഈ പെരുമഴയത്ത് ഷെഡിൽ കഴിയുന്ന ആളുകൾ ദുരിത ജീവിതത്തിലാണ് കഴിയുന്നത്. മുമ്പ് ഭവന പദ്ധതികളിൽ പഞ്ചായത്തിന്റെ പദ്ധതി,

ഇന്ദിരാഗാന്ധി ആവാസ് യോജന, ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ പ്രത്യേക പദ്ധതി, പട്ടിക ജാതി വകുപ്പിന്റെ പ്രത്യേക പദ്ധതി എന്നിങ്ങനെ നിരവധി ഭവന പദ്ധതികളുണ്ടായിരുന്നു. അതെല്ലാംകൂടി സംയോജിപ്പിച്ച് ലൈഫ് ഭവന പദ്ധതി നിലവിൽ വന്നപ്പോൾ വലിയ പ്രതീക്ഷയായിരുന്നു. പ്രാദേശികമായി വാർഡുകൾ പരിശോധിക്കുമ്പോൾ പഞ്ചായത്തുകൾ വലിയ പ്രതിസന്ധിയാണ് ഇക്കാര്യത്തിൽ നേരിടുന്നത്. 2020-ൽ സർവെ ചെയ്തതാണ് ലൈഫ് ഭവന പദ്ധതി. ഒരു ചെറിയ പഞ്ചായത്തിലെ കാര്യം ഞാൻ പരിശോധിച്ചപ്പോൾ 203 പേർ ആ ലിസ്റ്റിൽ അർഹത നേടിയിട്ടുണ്ട്. അതിൽ ഫിഷറീസ്, പട്ടിക ജാതി എന്നീ വിഭാഗത്തിലുള്ള ആളുകളുടെ വീടുകൾക്ക് തുക അനുവദിക്കാൻ സാധിച്ചു. ജനറൽ കാറ്റഗറിയിലുള്ള ഒരാൾക്കുപോലും ഒന്നാം ഗഡു നൽകി വീട് നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പല പഞ്ചായത്തുകൾക്കും തനത് ഫണ്ടില്ലാത്തതിന്റെയും ഹഡ്കോ ഭവന വായ്പ ശരിയാകാത്തതിന്റെയും പ്രശ്നമുണ്ട്. ഈ പ്രശ്നങ്ങളെല്ലാം കാരണം ഈ ഭവന പദ്ധതികൾ ശരിയായ വിധത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെ പഞ്ചായത്തുകൾ പ്രതിസന്ധി നേരിടുകയാണ്. ഭവന പദ്ധതിയുടെ ഒരു ഗുണഭോക്താവായ ശ്രീമതി മിനി മാർച്ച് മാസത്തിൽ എഗ്രിമെന്റ് വച്ച് ഒന്നാം

ഘട്ട ബെയ്സ്മെന്റ് ജോലികൾ പൂർത്തിയാക്കി ഒൻപത് മാസം കഴിഞ്ഞാണ് ആദ്യ ഗഡു അനുവദിച്ചത്. രണ്ടാം ഗഡു ലഭിച്ചെങ്കിലും മൂന്നാം ഗഡു ഇതുവരെയും ലഭിച്ചിട്ടില്ല. അതുപോലെതന്നെ പി.എം.എ.വൈ. (പ്രധാനമന്ത്രി ആവാസ് യോജന) ഭവന നിർമ്മാണ പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള ലൈഫ് ഭവന പദ്ധതിയുടെ ലിസ്റ്റിൽനിന്നാണ്. അതുപോലെ വേറൊരു പ്രശ്നം 2020-ലെ ലിസ്റ്റാണ് ഇപ്പോഴുള്ളത്. പുതിയ സർവെ നടന്നിട്ടില്ല. 2020-ൽ അപേക്ഷിച്ചവരാണ് 2020-ലെ ലിസ്റ്റിൽ വന്നത്. അതിനുശേഷമുള്ള ആളുകൾക്ക് അപേക്ഷിക്കാൻപോലും സാധിക്കാത്ത സാഹചര്യമുണ്ടായി. കാരണം, ഈ ലിസ്റ്റുതന്നെ പി.എം.എ.വൈ. ഭവന നിർമ്മാണ പദ്ധതിയിലേക്കും കൊണ്ടുവന്നതുകൊണ്ടാണ്. അതുപ്രകാരമാണെങ്കിൽ പി.എം.എ.വൈ. ഭവന നിർമ്മാണ പദ്ധതിയുടെ കേന്ദ്ര സർക്കാരിന്റെ വിഹിതമായ 96,000 രൂപ പലപ്പോഴും യഥാസമയം ലഭിക്കാതെപോകുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ യഥാസമയം എഗ്രിമെന്റ് വയ്ക്കാതെ പദ്ധതി മാറ്റിവയ്ക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ വിഹിതം 24,000 രൂപയും ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം 1,12,000 രൂപയും ഗ്രാമ പഞ്ചായത്തിന്റെ

വിഹിതം 98,000 രൂപയുമാണ്. ഇവിടെയും തനത് ഫണ്ടില്ലാത്ത ഗ്രാമ പഞ്ചായത്തുകൾക്ക് ഈ 98,000 രൂപ അനുവദിക്കാൻ സാധിക്കാതെ വരുമ്പോൾ പി.എം.എ.വൈ. ഭവന നിർമ്മാണ പദ്ധതിയിലുള്ള ഭവനങ്ങളുടെ നിർമ്മാണവും പ്രതിസന്ധിയിലാകും. യഥാസമയം കേന്ദ്ര സർക്കാർ വിഹിതം ലഭിക്കാതെവരുമ്പോഴും പദ്ധതി പ്രതിസന്ധിയിലാകുന്ന സാഹചര്യമുണ്ട്. ചില പഞ്ചായത്തുകൾ തനത് ഫണ്ടിലുള്ള തുക അനുവദിക്കുകയും പിന്നീട് ബുക്കിൽ അഡ്ജസ്റ്റ് ചെയ്യാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്. പക്ഷെ തനത് ഫണ്ടില്ലാത്ത പഞ്ചായത്തുകൾക്ക് അതിനും സാധിക്കാത്ത സാഹചര്യമാണ്. ഇത് വലിയൊരു പ്രതിസന്ധിയാണ്. തീരദേശ മേഖലയിലും ട്രൈബൽ സെക്ടറുകളിലും പട്ടിക ജാതിക്കാർക്കുമൊക്കെ മുമ്പ് പ്രത്യേക ഭവന പദ്ധതികളായിരുന്നു. ലൈഫ് ഭവന പദ്ധതി എന്ന പുതിയ പദ്ധതി വന്നപ്പോൾ വലിയ പ്രതീക്ഷയുണ്ടായിരുന്നെങ്കിൽപ്പോലും പ്രായോഗികമായി താഴെത്തട്ടിൽ പരിശോധിക്കുമ്പോൾ അത്ര സുഖകരമായ അനുഭവമല്ല ലഭിക്കുന്നത്.

ഹഡ്കോ വായ്പ ലഭിക്കാത്ത പഞ്ചായത്തുകളെ സഹായിക്കുന്നതിനും സർക്കാരിന്റെ സഹായം നേരിട്ട് ലഭ്യമാക്കുന്നതിനും എന്തെങ്കിലും നടപടി അടിയന്തരമായി സ്വീകരിക്കണം. അതുപോലെതന്നെ ഒന്നാം ഗഡു ലഭിച്ച്

നിർമ്മാണം ആരംഭിച്ചവർ രണ്ടും മൂന്നും ഗഡുക്കൾ ലഭിക്കാതെ ഓല ഷെഡിൽ അല്ലെങ്കിൽ ടാർപോളിൻ വിരിച്ച് കഴിയുന്നവരുണ്ട്. അവരുടെ ദുരിതം കണ്ടുകൊണ്ട് അടിയന്തരമായി ലൈഫ് ഭവന പദ്ധതിയിലെ നിർമ്മാണ പ്രതിസന്ധി പരിഹരിക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽക്കൂടി അങ്ങിലൂടെ സർക്കാരിലേയ്ക്ക് അഭ്യർഥിക്കുകയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ലൈഫ് ഭവന പദ്ധതി പ്രകാരം അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം, സംസ്ഥാന വിഹിതം, വായ്പാ വിഹിതം എന്നിവ ഉൾപ്പെടുന്നുണ്ട്. കരാറിൽ ഏർപ്പെടുന്ന ഗുണഭോക്താക്കൾക്ക് ആവശ്യമായിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തേണ്ടത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾതന്നെയാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും അനുവദിച്ചിട്ടുള്ള വായ്പ തുകയുടെ വിവരം അവരെ അറിയിച്ചിട്ടുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് അഭ്യർഥന നടത്തുന്ന മുറയ്ക്ക് വായ്പ വിഹിതം

ഇവിടെനിന്ന് ലഭ്യമാക്കുന്നതാണ്. അതാണ് തുടർന്നുവരുന്ന രീതി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം നൽകുന്നതിൽ അവരുടെ ഫണ്ട് ലഭ്യതകൂടി കണക്കിലെടുത്ത് കരാർ വച്ച് ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിനാണ് സർക്കാർ നിർദേശം നൽകിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം മുന്നോട്ടുപോകാൻ തടസ്സമൊന്നുമുണ്ടാവുന്നില്ല. ലൈഫ് ഭവന പദ്ധതി പ്രകാരം അനുവദിച്ച വീടുകളുടെ നിർമ്മാണത്തിനായി ഭവന നിർമ്മാണ ധനസഹായം മുൻകൂറായാണ് അനുവദിക്കുന്നത്. ഓരോ ഘട്ടത്തിലെയും നിർമ്മാണത്തിനായി അനുവദിച്ച തുകയ്ക്ക് അനുസൃതമായി നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താവ് ഫണ്ട് റിക്വസ്റ്റ് നടത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥർ പ്രസ്തുത നിർമ്മാണത്തിലെ സ്റ്റേജ് പൂർത്തിയാക്കിയോയെന്ന കാര്യം പരിശോധിച്ച് ലഭ്യമാക്കുന്ന ഫണ്ട് റിക്വസ്റ്റിന്റെ അടിസ്ഥാനത്തിലാണ് തുടർ ഗഡുക്കൾ അനുവദിക്കുന്നത്; ഇതാണ് സ്വീകരിച്ചുവരുന്ന നടപടി. അതായത്, ഫൗണ്ടേഷൻ പൂർത്തിയാക്കിയാൽ അതിന് ഇത്ര തുക, അടുത്ത ഘട്ടം പൂർത്തിയാക്കിയാൽ അതിന് ഇത്ര തുക എന്ന നിലയിലാണ്

അനുവദിച്ചുകൊണ്ടിരിക്കുന്നത്. അനുവദിച്ചിട്ടുള്ള വായ്പ തുകയ്ക്ക് അനുസൃതമായിട്ടല്ലാതെ കൂടുതൽ ഗുണഭോക്താക്കളെക്കൊണ്ട് കരാർ വയ്പിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ അധിക വായ്പ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കരാറിൽ ഏർപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന ഫണ്ട് റിക്വസ്റ്റിനനുസരിച്ച് സംസ്ഥാന വിഹിതം നൽകുന്നതിനും ഇപ്പോൾ തടസ്സമില്ല. സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. ലൈഫ് ഭവന പദ്ധതി പ്രകാരം നാല് ലക്ഷം രൂപയാണ് ഒരു ഗുണഭോക്താവിന് അനുവദിക്കുന്നത്. പട്ടികവർഗ സങ്കേതങ്ങളിൽ അനുവദിക്കുന്നത് ആറ് ലക്ഷം രൂപയാണ്. മാത്രമല്ല, അതിദരിദ്ര പട്ടികയിൽപ്പെട്ട ഭവനരഹിതരും സ്ഥലമില്ലാത്തവർക്കും സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ആറ് ലക്ഷം രൂപ അനുവദിക്കാൻ ഇപ്പോൾ തീരുമാനം എടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2017-ലെയും 2020-ലെയും രണ്ട് ലിസ്റ്റുകളാണ് നിലവിലുള്ളത്. 2017 മുതൽ 16-09-2025 വരെയുള്ള കണക്കാണ് ഞാൻ പറയുന്നത്. ഭവന നിർമ്മാണ ധനസഹായത്തിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ള 595536 ഗുണഭോക്താക്കളിൽ 462412

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു.

ആളുകളെല്ലാം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാതെ ആകാശത്തേയ്ക്ക് നോക്കിയിരിക്കുകയാണെന്നാണ് ബഹുമാന്യനായ ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞത്. നേരത്തെ വീടില്ലാതെ ആകാശത്തേക്ക് നോക്കിയിരുന്ന 462412 കുടുംബങ്ങൾക്ക് ഇന്ന് അവരുടെ മുകളിൽ ഒരു മേൽക്കൂരയും അടച്ചുറപ്പുള്ള ഒരു വീടിന്റെ സുരക്ഷയുമുണ്ടെന്ന വസ്തുത നമുക്ക് നിഷേധിക്കാനാവുന്നതല്ല. 133124 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സർക്കാരിന്റെ കാലാവധി കഴിയുമ്പോഴേക്കും ആറ് ലക്ഷത്തിലധികം ആളുകൾക്ക് സ്വന്തമായി വീടുണ്ടായിരിക്കുമെന്ന് ലൈഫ് ഭവന പദ്ധതി ഉറപ്പാക്കുന്നു. ആളുകൾക്ക് തുടർ ഗഡുക്കൾ കിട്ടുന്നില്ലെന്നത് സംബന്ധിച്ച് പത്ര വാർത്തകൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം ചില കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. 21-08-2025-ലെ സർക്കാർ ഉത്തരവുപ്രകാരം കെ.യു.ആർ.ഡി.എഫ്.സി. (കേരള അർബൻ ആൻഡ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ) മുഖേന 1500 കോടി രൂപ കൂടി വായ്പയെടുക്കാൻ അനുമതിയായിട്ടുണ്ട്. തുടർ ഗഡുക്കൾ തടസ്സമില്ലാതെ വിതരണം ചെയ്യാൻ

കഴിയുമെന്ന് ഉറപ്പാക്കാനാണ് ഇത്തരത്തിൽ ഒരു അനുമതി നൽകിയത്. ഈ വായ്പ കൂടി ലഭ്യമാകുന്നതോടെ ടി പദ്ധതിയിൽ, ഒരു തടസ്സവുമില്ലാതെ തുടർ ഗഡുക്കൾ ലഭ്യമാക്കാൻ കഴിയുമെന്നകാര്യം വളരെ ആധികാരികമായി സർക്കാരിനുവേണ്ടി ഞാൻ അറിയിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ സൂചിപ്പിച്ച ഒരു കാര്യത്തെ അതേ സ്പിരിറ്റിൽ ഉൾക്കൊള്ളാതെ അതിനെ പരിഹസിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. കേരള കൗമുദി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു വാർത്ത സംബന്ധിച്ച് എനിക്കുകൂടി കൃത്യമായി ബോധ്യമുള്ളതുകൊണ്ടാണ് ഇവിടെ സൂചിപ്പിച്ചത്. ഉണ്ടായിരുന്ന വീട് പൊളിച്ചുകളഞ്ഞ് ടാർപോളിൻ ഷീറ്റിൽ കഴിയുന്ന ആളുകൾ, പദ്ധതിയുടെ രണ്ടാം ഗഡു ലഭിക്കാത്തതുകാരണം ആകാശത്തേക്ക് നോക്കി നിൽക്കുന്നുവെന്നും അത് പരിഹരിക്കുന്നതിനുവേണ്ടി 21-08-2025-ന് പ്രസിദ്ധീകരിച്ച ഒരു ഉത്തരവുപ്രകാരം വായ്പയെടുക്കാൻ അനുവാദം നൽകിയിട്ടുണ്ടെന്നുമാണ് സൂചിപ്പിച്ചത്. പത്തുപതിനഞ്ച് മാസങ്ങളായി ഷെഡ്ഡുകളിൽ താമസിക്കുന്ന ആളുകൾ വീടുപണി പൂർത്തിയാകുന്നതുവരെ ഇങ്ങനെ തന്നെ തുടരേണ്ടി വരും. അത് പരിഹരിക്കാൻ വേഗത്തിലൊരു ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ടാണ്

ഈയൊരു ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചത്. പത്തുവർഷം കൊണ്ടാണ് അഞ്ച് ലക്ഷം വീടുകൾ നിർമ്മിച്ചതെന്ന കാര്യം വിസ്മരിക്കരുത്. അഞ്ചുവർഷം കൊണ്ടുതന്നെ ഏകദേശം ഇതേ എണ്ണം വീടുകൾ കഴിഞ്ഞ എൽ.ഡി.എഫ്., യു.ഡി.എഫ്. സർക്കാരുകൾ നൽകിയിട്ടുണ്ടെന്ന് ഈ അവസരത്തിൽ അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. വളരെ സ്പെസിഫിക്കായിത്തന്നെ എന്റെ ചോദ്യം ഉന്നയിക്കുകയാണ്. ലൈഫ് ഭവന പദ്ധതിക്കുവേണ്ടി നിലവിൽ അനുവദിക്കുന്ന നാല് ലക്ഷം രൂപയിൽ വീടുപണി പൂർത്തിയാക്കാൻ കഴിയില്ല. ഇന്ന് നിർമ്മാണച്ചെലവ് കൂടുതലാണ്. നിർമ്മാണ സാമഗ്രികളുടെ വില വർധിച്ചു എന്നതുതന്നെയാണ് കാരണം. നാലുലക്ഷം രൂപ ഉപയോഗിച്ച് പാവപ്പെട്ട ആളുകൾക്ക് വീടുപണി പൂർത്തിയാക്കാൻ കഴിയില്ല. പത്ത് വർഷത്തിനുമുമ്പുള്ള റേറ്റ് അനുസരിച്ചുള്ള തുകയാണിത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തി ഏഴ് ലക്ഷം രൂപയാക്കി വർധിപ്പിക്കാൻ കഴിയുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഞാൻ അദ്ദേഹത്തെ പരിഹസിച്ചുകൊണ്ടല്ല നേരത്തെ സംസാരിച്ചത്. ആളുകൾ വീടില്ലാതെ ആകാശത്തേക്ക് നോക്കിയിരിക്കുന്നു എന്നുപറഞ്ഞപ്പോൾ ഞാനും ഒരു വസ്തുത

സൂചിപ്പിച്ചുവെന്നേയുള്ളൂ. ഞാൻ അദ്ദേഹത്തെ പരിഹസിച്ചതായി തോന്നിയെങ്കിൽ എനിക്കും അദ്ദേഹം പരിഹസിച്ചതായി തോന്നാമല്ലോ. അക്കാര്യത്തെ അങ്ങനെയെടുക്കുന്നതാണ് ഉചിതം.

മി. സ്പീക്കർ: യെസ്.... leave it.

ശ്രീ. എം. ബി. രാജേഷ്: സർ, PMAY പദ്ധതിയിൽ കേന്ദ്രസർക്കാർ വിഹിതം 96,000/- രൂപയാണെന്നാണ് നേരത്തെ ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. സൂചിപ്പിച്ചത്. എന്നാൽ 72,000/- രൂപ മാത്രമാണ് കേന്ദ്രസർക്കാർ വിഹിതമായി നൽകുന്നത്. ഇതേ അവസരത്തിൽ കേന്ദ്രം നിശ്ചയിച്ച സംസ്ഥാന വിഹിതം 48,000/- രൂപയാണ്. 15,000/- രൂപ തൊഴിലുറപ്പ് പദ്ധതിയിൽനിന്ന് കണ്ടെത്തണമെന്ന മാനദണ്ഡവും നിലവിലുണ്ട്. വീട് നിർമ്മാണത്തിന് കേന്ദ്രം കണക്കാക്കുന്ന യൂണിറ്റ് കോസ്റ്റ് 1,35,000/- രൂപയാണ്. ഈ അവസരത്തിലാണ് സംസ്ഥാന സർക്കാർ ലൈഫ് ഭവന പദ്ധതിക്കായി നാല് ലക്ഷം രൂപ അനുവദിക്കുന്നതെന്ന് ഓർക്കണം. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ അനുവദിക്കുന്ന തുകയെ അപേക്ഷിച്ച് ഏറ്റവും ഉയർന്ന തുകയാണ് കേരളം നൽകുന്ന ടി നാല് ലക്ഷം രൂപ. അക്കാര്യം നമ്മളെല്ലാവരും അംഗീകരിക്കേണ്ടതുണ്ട്. അഞ്ചുലക്ഷത്തി

തൊണ്ണൂറ്റി അയ്യായിരത്തിലധികം പേർക്ക് എഗ്രിമെന്റ് വച്ചതുൾപ്പെടെ കണക്കാക്കിയാൽ ഇതുവരെ ലൈഫ് ഭവന പദ്ധതിയിൽ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക 18,885/- കോടി രൂപയാണ്. ഇതിൽ 2080/- കോടി രൂപയാണ് കേന്ദ്രവിഹിതം. ബാക്കി തുകയായ 16,000/- കോടി രൂപയും സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുള്ളതാണ്. തദ്ദേശസ്ഥാപനങ്ങളുടെ വിഹിതവും ബജറ്റിൽനിന്നുള്ള വിഹിതവും HUDCO (The Housing and Urban Development Corporation Limited)-ൽ നിന്നുള്ള വായ്പയും ഇതിൽ ഉൾപ്പെടുന്നുണ്ട്. 16,000/- കോടി രൂപയും കണ്ടെത്തിയിട്ടുള്ളത് ഈ രീതിയിലാണ്. കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് നമുക്ക് അർഹമായിട്ടുള്ള വിഹിതം ലഭിക്കുന്നില്ലെന്ന കാര്യം മനസ്സിലാക്കണം. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കകത്ത് നിന്നുകൊണ്ടുള്ള ഏറ്റവും ഉയർന്ന തുകയാണ് നിലവിൽ നൽകിവരുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ നൽകുന്ന തുകയുമായി താരതമ്യം ചെയ്യുമ്പോൾ നാല് ലക്ഷം രൂപയെന്നത് ഏറ്റവും ഉയർന്ന തുകയാണ്. ആ തുക വർധിപ്പിക്കണമെന്ന ആവശ്യം എല്ലാ ഭാഗത്തുനിന്നും ഉയരുന്നുണ്ട്. പക്ഷെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ നൽകുന്ന തുകയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് ഏറ്റവും

ഉയർന്ന തുകയാണെന്നും കടുത്ത സാമ്പത്തിക പരിമിതികളിൽ നിന്നുകൊണ്ടാണ് നിലവിൽ ഇത് അനുവദിക്കുന്നതെന്നും ഒരിക്കൽക്കൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.